"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - സ്വച്ഛ് സർവേക്ഷൻ (ഗ്രാമീൺ) 2025 - ഏകദിന ശില്പശാലയിൽ പങ്കെടുത്ത ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.യു.വി. ജോസ് ഐ.എ.എസ് (റിട്ട) ന് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.359/2025/LSGD തീയതി,തിരുവനന്തപുരം, 05-02-2025

---

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24/01/2025ലെ 241/എ/2024/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിലയിരുത്തുന്ന സ്വച്ഛ് സർവ്വേക്ഷൻ (ഗ്രാമീൺ) - 2025 ന്റെ സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് 30.01.2025 ന് രാവിലെ 10.30 ന് ന്യൂഡൽഹിയിലെ പണ്ഡിറ്റ് ദീൻ ദയാൽ അന്ത്യോദയ ഭവനിൽ വച്ച് ചേരുന്ന ഏകദിന ശില്പശാലയിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. യു.വി.ജോസ് ഐ.എ.എസ്. (റിട്ട) പങ്കെടുക്കുന്നതിനും വിമാനയാത്ര ചെയ്യുന്നതിനും അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിലയിരുത്തുന്ന സ്വച്ഛ് സർവ്വേക്ഷൻ (ഗ്രാമീൺ) - 2025 ന്റെ സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് 30.01.2025 ന് രാവിലെ 10.30 ന് ന്യൂഡൽഹിയിലെ പണ്ഡിറ്റ് ദീൻ ദയാൽ അന്ത്യോദയ ഭവനിൽ വച്ച് നടന്ന ശില്പശാലയിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. യു.വി.ജോസ് ഐ.എ.എസ്. (റിട്ട) പങ്കെടുക്കുകയും തിരുവനന്തപുരത്ത് നിന്ന് ന്യൂഡൽഹിയിലേക്കും തിരികെയും വിമാന യാത്ര ചെയ്യുകയും ചെയ്ത നടപടിക്ക് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ ഐ&പിആർ.ഡി.(വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/18/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 05-02-2025 13:44:03

സെക്ഷൻ ഓഫീസർ